**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 57** | **07-06-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി ട്രാഫിക്ക് പോലീസ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി കേന്ദ്രമാക്കി പ്രഖ്യാപിച്ച ട്രാഫിക് പോലീസ് സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ? | (എ) | സംസ്ഥാനത്തെ ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല അതാത് ലോക്കൽ പോലീസ് സ്റ്റേഷനുകളിലേക്ക് മാറ്റിക്കൊണ്ടും ട്രാഫിക് യൂണിറ്റുകളും, ട്രാഫിക് പോലീസ് സ്റ്റേഷനുകളും, ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി പുനർനാമകരണം ചെയ്തു കൊണ്ടും 14.07.2018 തീയതിയിലെ സ.ഉ. (കൈ) നം.116/2018/ ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കരുനാഗപ്പള്ളിയിൽ പുതിയതായി ട്രാഫിക് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. തിരക്കേറിയ സമയങ്ങളിൽ പോലീസ് ഉദ്യോഗസ്ഥർ, ഹോം ഗാർഡ്, ട്രാഫിക് വാർഡൻ എന്നിവരെ കൂടുതലായി നിയോഗിച്ച് ഗതാഗതം നിയന്ത്രിക്കാൻ 03.01.2020 ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ